## (3) പന്തളത്ത് സംയുക്ത ക്രിസ്തുമസ്സ് ദിനാഘോഷത്തിന്റെ സമാപന സമ്മേളനത്തിനുനേർക്കുണ്ടായ ആക്രമണം

ശ്രീ. പി.കെ. കുമാരൻ : സർ, ഇക്കഴിഞ്ഞ 25-ാം തീയതി ക്രിസ്തുമസ് ദിനത്തിൽ പന്തളം വൈ.എം.സി.എ.യുടേയും സമീപ പ്രദേശങ്ങളിലെ ക്രിസ്ത്യൻ ഇടവകകളുടേയും സംയുക്താഭിമുഖ്യത്തിൽ ക്രിസ്തുമസ്സ് ആഘോഷ പരിപാടികൾ നടന്നു. പന്തളം, തുമ്പമൺ, കുളനട, കുടശ്ശനാട്, ഇടപ്പോൺ തുടങ്ങിയ മേഖലകളിലുള്ള ക്രിസ്ത്യൻ ഇടവകകളിൽനിന്നും ആയിരക്കണക്കിന് ആളുകൾ ആഘോഷപരിപാടിയിൽ പങ്കെടുത്തു. പന്തളം ജംഗ്ഷനിൽ നിന്നും സംയുക്ത ഘോഷയാത്ര മെഡിക്കൽ മിഷൻ ജംഗ്ഷനിലുള്ള ഇംഗ്ലീഷ് മീഡിയം യു.പി. സ്കൂളിൽ സമാപിച്ചശേഷം അവിടെ പൊതു സമ്മേളന പരിപാടികൾ ആരംഭിച്ചു. ബഹുമാന്യനായ രമേശ് ചെന്നിത്തല എം.പി. ആ പൊതു സമ്മേളനം ഉദ്ഘാടനം ചെയ്യുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത്. ആ സമ്മേളനത്തിൽ ഒരു ആശംസകനായിരുന്നു ഞാൻ. എന്നാൽ ബഹുമാന്യനായ എം.പി. അവിടെ വന്നില്ല. ആ സമ്മേളനം ആരംഭിച്ചുകഴിഞ്ഞപ്പോൾ ഗ്രൗണ്ടിന്റെ എതിർഭാഗത്തുനിന്നും ആളുകൾ നാലുഭാഗത്തേയ്ക്കും ഓടുന്നതുകണ്ടു. ചില ആളുകൾ ഗ്രൗണ്ടിന്റെ മതിൽ കടന്ന് പുറത്തുചാടുന്നതും കണ്ടു. അവസാനം ഒന്നുരണ്ട് ആളുകൾ പ്രസംഗവേദിയിൽ എത്തി. അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത്, ആർ.എസ്സ്.എസ്സുകാരായ പത്തിൽ താഴെയുള്ള സമൂഹ്യദ്രോഹികൾ ആ സമ്മേളന ഗ്രൗണ്ടിൽ കടന്നുകയറി വളരെ ഭീകരമായ നിലയിൽ ആക്രണം നടത്തി, അങ്ങനെ ആളുകൾ ഭയവിഹ്വലരായി ഓടുകയായിരുന്നു എന്നാണ്. അവിടെ പോലീസ് വേണ്ടത്ര ജാഗ്രത കാണിച്ചില്ല. ഈ സംഭവം കഴിഞ്ഞ് നാലഞ്ചു ദിവസമായെങ്കിലും അക്കാര്യത്തിൽ ഇതുവരെ പ്രതികളെ അറസ്റ്റ് ചെയ്യാനോ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനോ തയ്യാറായിട്ടില്ല. പലരും ആശുപത്രിയിലുണ്ട്. ഈ വിഷയം ബഹുമാനപ്പെട്ട ഗവൺമെന്റും മുഖ്യമന്ത്രിയും ഗൗരവമായിട്ട് എടുക്കണം. അടിയന്തിരമായി പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടി ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് വളരെ വിനയപൂർവം അപേക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, 23.12.1999-ന് പത്തനംതിട്ട ജില്ലയിൽ പന്തളം സെന്റ് തോമസ് പള്ളിയിൽ വൈ.എം.സി.എ.യുടെ ആഭിമുഖ്യത്തിൽ സംയുക്ത ക്രിസ്തുമസ് ആഘോഷപരിപാടികൾ നടന്നു. ഇതിന്റെ ഭാഗമായി നടന്ന റാലിയെത്തുടർന്ന് വൈകുന്നേരം 5.15-ന് സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ മൈതാനത്തിൽ പൊതുസമ്മേളനം ആരംഭിച്ചു. സ്വാഗതപ്രസംഗം തുടങ്ങിയപ്പോൾ ചില സാമൂഹ്യവിരുദ്ധർ സ്റ്റേജിന് മുന്നിൽ ബഹളം ഉണ്ടാക്കുകയും പരിപാടി അലങ്കോലപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. അടിപിടിയിൽ രണ്ടുപേർക്ക് പരിക്ക്പറ്റി. ഇതു സംബന്ധിച്ച് പന്തളം പോലീസ് സ്റ്റേഷനിൽ ക്രൈം 441/99-ാം നമ്പരായി ഒരു കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരികയാണ്.

## (4) കണ്ടന്നൂർ സ്വദേശി സി.ടി. കുഞ്ഞുമോന്റെ ഘാതകനെ അറസ്റ്റ് ചെയ്യേണ്ടത് സംബന്ധിച്ച്

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, കൊച്ചി കണ്ടന്നൂർ ചാന്തക്കരി കുഞ്ഞുമോൻ എന്ന ഡ്രൈവറെ ടാക്സിയുമായി പോകുമ്പോൾ ടാക്സികാർ

LIBRARY ARCHIVES Kerala Legislative Assembly